(ഡി) സർവ്വകലാശാലകളിലെ വി.സി.-യും പി.വി.സി.-യും വിദേശയാത്ര നടത്തുമ്പോൾ മുൻകൂട്ടി അനുവാദം വാങ്ങണമെന്ന് ചട്ടം അനുശാസിക്കുന്നുണ്ടോ ; മഹാത്മാഗാന്ധി സർവ്വകലാശാലാ പി.വി.സി. ഈയടുത്തിടെ വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്തിയതിന് മുൻകൂട്ടി അനുവാദം വാങ്ങിയിരുന്നോ ; വിശദമാക്കുമോ ; ഇവർ ഭരണമുന്നണിയിലെ ഒരു രാഷ്ട്രീയ കക്ഷിയുടെ ആളാണെന്ന് പരസ്യമായി സ്വന്തം പ്രസംഗത്തിലൂടെ അവകാശപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് വിശദീകരണമാരാഞ്ഞിരുന്നോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ അരാജകത്വം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. വൈസ് ചാൻസലർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബഹുമാനപ്പെട്ട ചാൻസലറിൽ നിക്ഷിപ്തമാണ്.

(സി) കാലിക്കറ്റ് സർവ്വകലാശാല മുൻ വൈസ്-ചാൻസലർ, പ്രോ-വൈസ് -ചാൻസലർ എന്നിവർക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 14-5-2015 തീയതിയിലെ VC-21/2015-ാം നമ്പർ എഫ്.ഐ.ആർ. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സർവ്വകലാശാലകളിലെ വി.സി.-യും പി.വി.സി-യും വിദേശയാത്ര നടത്തുമ്പോൾ അനുമതി നൽകേണ്ടത് ബഹുമാനപ്പെട്ട ചാൻസലറാണ്. മഹാത്മാഗാന്ധി സർവ്വകലാശാല പി.വി.സി. ഈ അടുത്തകാലത്ത് വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്തിയതിന് അനുമതി നൽകേണ്ടത് ബഹുമാനപ്പെട്ട ചാൻസലറാണ്. ഇവർ ഭരണ മുന്നണിയിലെ ഒരു രാഷ്ട്രീയ കക്ഷിയുടെ ആളാണെന്ന് പരസ്യമായി സ്വന്തം പ്രസംഗത്തിലൂടെ അവകാശപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതുസംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ബഹുമാനപ്പെട്ട ചാൻസലറിൽ നിക്ഷിപ്തമാണ്.

ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകൾ

140 (1217) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോഴ്സിന്റെ സിലബസ്, ഫീസ്, കാലദൈർഘ്യം, പരീക്ഷാ സെന്റർ, പരീക്ഷാ രീതി എന്നിവ ഏതെല്ലാം തരത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്;

(സി) എസ്.എസ്.എൽ.സി പാസായവരോ, ഹയർ സെക്കണ്ടറി മുടങ്ങിയവരോ ആയ നിശ്ചിത പ്രായപരിധി കഴിഞ്ഞവരാണ് പഠിതാക്കൾ എന്നതിനാൽ കോഴ്സിന്റെ കാലദൈർഘ്യം ആറുമാസമോ ഒരു വർഷത്തിൽ താഴെയോ ആക്കി നിജപ്പെടുത്തുമോ;

(ഡി) ഇത്തരത്തിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം കൂടുതൽ ആകർഷകമാവുകയും അന്യസംസ്ഥാന ഹ്രസ്വകാല കോഴ്സുകളെ ആശ്രയിക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനും കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹ്യൂമാനിറ്റീസ് ഗ്രൂപ്പുകളിൽ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി അല്ലെങ്കിൽ ഗാന്ധിയൻ സ്റ്റഡീസ് എന്നിവയും കോമേഴ്സ് ഗ്രൂപ്പിൽ അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ്, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ് എന്നിവയും ഐശ്ചിക വിഷയങ്ങളും, പാർട്ട് I-ൽ ഇംഗ്ലീഷും പാർട്ട് II-ൽ മലയാളം അല്ലെങ്കിൽ ഹിന്ദി എന്നിവയുമാണ് സിലബസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഫീസ് :

അപേക്ഷാഫോറം	-	100 രൂപ
രജിസ്ട്രേഷൻ/ അഡ്മിഷൻ ഫീസ്	-	200 രൂപ
കോഴ്സ് ഫീസ്	-	1950 രൂപ (പുസ്തക വില അടക്കം)
പരീക്ഷാഫീസ്	-	ഹയർ സെക്കന്ററി ഡയറക്ടറേറ്റ് നിശ്ചയിക്കുന്ന തുക
കാലദൈർഘ്യം	-	2 വർഷം
പരീക്ഷാ സെന്റർ	-	തെരഞ്ഞെടുക്കപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകൾ
പരീക്ഷാ രീതി	-	ഔപചാരിക ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് തുല്യമായ രീതി

(സി&ഡി) ഔപചാരിക ഹയർ സെക്കണ്ടറി കോഴ്സിന് തുല്യമായ കരിക്കുലവും സിലബസ്സുമാണ് ഹയർ സെക്കന്ററി തുല്യതാ കോഴ്സിനും ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ കാലദൈർഘ്യത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രസ്തുത കോഴ്സ് കൂടുതൽ ആകർഷകമാക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly